**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 186** **27-02-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിൽ കിൻഫ്രയുടെ നേട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എച്ച്. സലാം** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അടിസ്ഥാന സൗകര്യമൊരുക്കി വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിൽ കിൻഫ്രയ്ക്ക് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അതുവഴി കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും 256 സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 1862.2 കോടി രൂപയുടെ സ്വകാര്യ നിക്ഷേപവും 23983-ഓളം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടുമെന്നാണ് കരുതുന്നത്. കൂടാതെ അടിസ്ഥാന സൗകര്യ വികസനവും താഴെ പറയുന്ന പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.<br><br>1) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി. പാലക്കാട് നോഡിന്റെ ഭൂമി ഏറ്റെടുക്കലും അനുബന്ധ വികസനവും<br><br>2) ഗിഫ്റ്റ്സിറ്റി - അയ്യമ്പുഴ, എറണാകുളം<br><br>3) പെട്രോകെമിക്കൽ പാർക്ക് - അമ്പലമുഗൾ, കൊച്ചി<br><br>4) സ്പൈസസ് പാർക്ക് - തൊടുപുഴ<br><br>5) വ്യവസായ പാർക്ക്- മട്ടന്നൂർ<br><br>6) ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം - രാമനാട്ടുകര |
| (ബി) | ഇക്കാലയളവിൽ കിൻഫ്രയ്ക്ക് ആകർഷിക്കാനായ പ്രമുഖ നിക്ഷേപക കമ്പനികൾ ഏതെല്ലാമാണ്; ഇത്തരം വൻകിട കമ്പനികളുടെ സാന്നിധ്യം | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിൻഫ്രയ്ക്ക് ആകർഷിക്കാനായ പ്രമുഖ നിക്ഷേപ കമ്പനികൾ താഴെ പറയുന്നവയാണ്. |

| | | | |
|---|---|---|---|
| | വ്യവസായ വികസനത്തിന് പ്രചോദനമേകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | | 1) ടി. സി. എസ്. - ഇന്നോവേഷൻ പാർക്ക്, ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, കൊച്ചി.<br><br>2)വി-ഗാർഡ് ഇൻഡസ്ട്രീസ്, ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, കൊച്ചി.<br><br>3) ഹൈക്കോൺ, ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, കൊച്ചി.<br><br>4) ടാറ്റാ എലക്സി, SEZ - IT/ITES, കിൻഫ്ര ഫിലിം ആൻറ് വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം.<br><br>5) വെൻഷ്വർ, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം. |
| (സി) | കിൻഫ്രയുടെ പ്രധാന പദ്ധതികൾ ഏതെല്ലാമാണ്; വ്യവസായ ഇടനാഴിക്കായുള്ള സ്ഥലമേറ്റെടുപ്പിലെ പുരോഗതി അറിയിക്കാമോ? | (സി) | കിൻഫ്രയുടെ പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>1) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി - പാലക്കാട് നോഡിനായി ഭൂമി ഏറ്റെടുക്കലും അനുബന്ധ വികസനവും.<br><br>2) ഗിഫ്റ്റ്സിറ്റി - അയ്യമ്പുഴ, എറണാകുളം<br><br>3) പെട്രോകെമിക്കൽ പാർക്ക്, അമ്പലമുഗൾ, കൊച്ചി.<br><br>4) സ്പൈസസ് പാർക്ക് - തൊടുപുഴ<br><br>5) വ്യവസായ പാർക്ക്- മട്ടന്നൂർ<br><br>6) ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം - രാമനാട്ടുകര<br><br>കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി സ്ഥാപിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 298 ഏക്കറും പാലക്കാട് പുതുശ്ശേരി സെൻട്രൽ I-ൽ 653 ഏക്കറും പുതുശ്ശേരി II-ൽ 501 ഏക്കറും പുതുശ്ശേരി III-ൽ 375 ഏക്കറും ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 358 ഏക്കർ ഭൂമി ഗിഫ്റ്റ്സിറ്റി സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കുന്നതും ഉൾപ്പെടെ മൊത്തം 2185 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ 85% നടപടികളും പൂർത്തീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ